# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1680** 12.06.2019 -ലെ മറുപടിയ്ക്ക്

## അക്കാഡമിക് കലണ്ടറുകളുടെ ഏകീകരണം

ചോദ്യം

ശ്രീ. എൻ. വിജയൻ പിള്ള

ഉത്തരം

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ അക്കാഡമിക് കലണ്ടർ വ്യത്യസ്തമായതിനാൽ കുട്ടികളുടെ ഉപരിപഠനത്തെയും കോളേജുകളുടെ പ്രവർത്തനത്തെയും ഇത് തടസ്സപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട് |
| (ബി) | എല്ലാ സർവ്വകലാശാലകളുടെയും അക്കാഡമിക് കലണ്ടർ ഏകീകരിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ